**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2164** **09-02-2023 - ൽ മറുപടിയ്ക്ക്**

**ഇടുക്കി ജില്ലയിലെ ഡി.പി.എച്ച്.എൻ., എം.സി.എച്ച്. ഓഫീസർ തസ്തികകളിലെ ഒഴിവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. എം. മണി | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ഇടുക്കി ജില്ലയിലെ ആരോഗ്യ വകുപ്പിന് കീഴിലുള്ള ഡി.പി.എച്ച്.എൻ. (ഡിസ്ട്രിക്ട് പബ്ലിക് ഹെൽത്ത് നഴ്സ്), എം.സി.എച്ച്. ഓഫീസർ (മദർ & ചൈൽഡ് ഹെൽത്ത് ഓഫീസർ) തസ്തികകളിൽ ആരൊക്കെയാണ് നിലവിൽ സേവനം അനുഷ്ഠിക്കുന്നതെന്ന് അറിയിക്കാമോ; | (എ) | ഇടുക്കി ജില്ലയിലെ ആരോഗ്യ വകുപ്പിന് കീഴിലുള്ള ഡി.പി.എച്ച്.എൻ. (ഡിസ്ട്രിക്ട് പബ്ലിക് ഹെൽത്ത് നഴ്സ്), എം.സി.എച്ച്. ഓഫീസർ (മദർ & ചൈൽഡ് ഹെൽത്ത് ഓഫീസർ) തസ്തികകളിൽ ആരും സേവനം അനുഷ്ഠിക്കുന്നില്ല. |
| (ബി) | പ്രസ്തുത തസ്തികകളിൽ ആരും സേവനം അനുഷ്ഠിക്കുന്നില്ലായെങ്കിൽ അവ എന്ന് മുതലാണ് ഒഴിഞ്ഞ് കിടക്കുന്നതെന്നും ആയതിന്റെ കാരണവും അറിയിക്കാമോ; | (ബി) | 2008 മുതൽ പ്രസ്തുത തസ്തികകൾ ഒഴിഞ്ഞു കിടക്കുകയാണ്. സ്ഥാനക്കയറ്റം നൽകി ഒഴിവുകൾ നികത്തുന്നതിന് സ്പെഷ്യൽ റൂൾസ് പ്രകാരം മതിയായ യോഗ്യതയുള്ള ജീവനക്കാരുടെ അഭാവം മൂലമാണ് ടി തസ്തികകൾ ഒഴിഞ്ഞ് കിടക്കുന്നത്. |
| (സി) | ഇടുക്കി ജില്ലയിലെ പ്രസ്തുത തസ്തികകളിൽ ആളുകളെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കാമോ? | (സി) | എസ്.ആർ.ഒ നമ്പർ 794/2014, തീയതി 20.12.2014 ആയി പുറപ്പെടുവിച്ച കേരള പബ്ലിക് ഹെൽത്ത് നഴ്സസ് സർവ്വീസസ് സ്പെഷ്യൽ റൂൾസ് പ്രകാരം ഡിസ്ട്രിക്ട് പബ്ലിക് ഹെൽത്ത് നഴ്സ്, എം.സി.എച്ച് ഓഫീസർ എന്നീ തസ്തികകളിലേക്ക് സ്ഥാനക്കയറ്റം നേടാൻ നിശ്ചിത യോഗ്യത നേടിയ ഫീഡർ തസ്തികകളിലെ ജീവനക്കാരെ ലഭ്യമാകുന്ന മുറക്ക് നിലവിലെ ഒഴിവുകൾ നികത്താൻ നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ